**Signature and Name of Invigilator**

1. (Signature) __________________________

   (Name) ____________________________

2. (Signature) __________________________

   (Name) ____________________________

OMR Sheet No. : ........................................
(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.______________________________
(In words)

**D-2209**

**Test Booklet No.**

Time : **1 1/4** hours]

# PAPER-II
# MALAYALAM

[Maximum Marks : **100**

Number of Pages in this Booklet : **16**

Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered in the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.
   **Example :** (A) (B) ● (D)
   where (C) is the correct response.
5. Your responses to the items are to be indicated in the **Answer Sheet given inside the Paper I Booklet only.** If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **Negative Marking :- For each incorrect answer, 0.5 marks shall be deducted.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या OMR पत्रक पर अंकित करें और OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** (A) (B) ● (D)
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये उत्तर-पत्रक पर ही** अंकित करने हैं । यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें ।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **नेगेटिव अंक प्रणाली : प्रत्येक गलत उत्तर के लिए 0.5 अंक काटे जाएँगे ।**

# മലയാളം
## MALAYALAM
## Paper – II

**Note :** This paper contains **fifty (50)** Objective Type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ഇന്ത്യ ഒരു ഭാഷാ മേഖലയാണെന്നു നിരീക്ഷിച്ച പണ്ഡിതൻ.

(A) എം. ബി. എമിനോ

(B) റ്റി. ബറോ

(C) റോബർട്ട് കാൽഡ്വൽ

(D) എം. ആൻഡ്രനോവ്

**2.** **കാര്യം :** നമ്പ്യാന്തമിഴ് മണിപ്രവാളമല്ല.

**കാരണം :**
1. വിഭക്ത്യന്ത സംസ്കൃത പദം നിർബന്ധമല്ല
2. ശൃംഗാരാദി രസങ്ങളില്ല
3. ഭാഷാപദങ്ങളുടെ ന്യൂനത്വം
4. സംസ്കൃതപദാധിക്യം

(A) 1-ഉം, 2-ഉം ശരി

(B) 1 മാത്രം ശരി

(C) 3-ഉം, 4-ഉം ശരി

(D) 2 മാത്രം ശരി

**3.** 'പൂർവ കേരള ഭാഷ'യുടെ കർത്താവ്.

(A) എൻ. ആർ. ഗോപിനാഥപിള്ള

(B) കെ. എം. പ്രഭാകരവാര്യർ

(C) എടമരത്തു സെബാസ്റ്റ്യൻ

(D) കെ. സുകുമാരപിള്ള

**4.** ചെറുശ്ശേരിയുടെ രചനയേത് ?

(A) കാളിന്ദി തീരത്തെ കാനന കുഞ്ജങ്ങൾ
കാണുമ്പോളിന്നുമെൻ കൺനിറയും.

(B) ശ്യാമരാധയായ് വന്നൊരെൻ വൈശാഖ-
യാമിനീ നിന്നെ നോക്കി നില്ക്കുന്നു ഞാൻ

(C) കാളിന്ദി തീരത്തെ കാവുകൾ കാണുമ്പോൾ
ഓളം തുളുമ്പുന്നു വേദനകൾ

(D) ഞങ്ങളുടെ യമുനയുടെ തെളിമയും ശുദ്ധിയും
നിങ്ങളുടെ കൈയാൽ നശിച്ചു.

5. രാമചരിതത്തെക്കുറിച്ചു ഗവേഷണ പ്രബന്ധം രചിച്ചവർ.

(A) പുതുശ്ശേരി രാമചന്ദ്രൻ, കെ. എം. ജോർജ്ജ്, കെ. രാമചന്ദ്രൻ നായർ

(B) പി. വി. വേലായുധൻ പിള്ള, എം. എം. പുരുഷോത്തമൻ നായർ, നടുവട്ടം ഗോപാലകൃഷ്ണൻ

(C) പുതുശ്ശേരി രാമചന്ദ്രൻ, വി. ആർ. പ്രബോധചന്ദ്രൻ, കെ. എം. ജോർജ്ജ്

(D) കെ. എം. ജോർജ്ജ്, എം. എം. പുരുഷോത്തമൻ നായർ, നടുവട്ടം ഗോപാലകൃഷ്ണൻ

6. **കാര്യം** : കൃഷ്ണഗാഥക്ക് ഏറെ അനുകരണങ്ങളുണ്ടായില്ല.

**കാരണം** : I. കൃഷ്ണഗാഥാകാരന്റെ ശൈലി അനുകർത്താക്കൾക്കു വെല്ലുവിളിയായിരുന്നു.

II. പാട്ടിനും മണിപ്രവാളത്തിനുമിടയിൽ ഒരു ഇടം സൃഷ്ടിക്കുക ക്ലേശകരമായിരുന്നു.

III. മധുരത കവിതയുടെ ദൗർബല്യമാണെന്ന വിശ്വാസം.

IV. മഞ്ജരീ വൃത്തം അനുകരണീയമല്ല.

(A) I-ഉം II-ഉം ശരി

(B) I-ഉം IV-ഉം ശരി

(C) II-ഉം III-ഉം ശരി

(D) എല്ലാം ശരി

7. 'സന്ദർഭേ സംസ്കൃതീ കൃതായ' എന്ന സൂത്രത്തിലെ സന്ദർഭത്തിനർത്ഥം.

(A) നല്ലനല്ല സന്ദർഭങ്ങൾ

(B) പുരാണകഥാ സന്ദർഭങ്ങൾ

(C) കാവ്യനാടകാദി സന്ദർഭങ്ങൾ

(D) കഥാകഥന സന്ദർഭങ്ങൾ

8. ദ്രവിഡ വേദമായി കണക്കാക്കപ്പെടുന്ന കൃതി

(A) പെരുമാൾ തിരുമൊഴി

(B) തിരുവായ് മൊഴി

(C) ചേന്തൻ തിവാകരം

(D) പെരിയ പുരാണം

9. കാളിദാസനെ അനുസ്മരിക്കുന്ന കാവ്യം

(A) രാമചരിതം

(B) അനന്തപുര വർണ്ണനം

(C) കൊടിയ വിരഹം

(D) ചന്ദ്രോത്സവം

10. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (1) | പെഴ്സിമക്വീൻ | (a) | പുരാതന പാട്ടുകൾ |
| (2) | കുഞ്ഞുകൃഷ്ണൻ നാടാർ | (b) | വടക്കൻ പാട്ടുകൾ |
| (3) | സി. പി. ഗോവിന്ദപ്പിള്ള | (c) | തെക്കൻ പാട്ടുകൾ |
| (4) | പി. യു. ലൂക്കോസ് | (d) | നാടൻ പാട്ടുകൾ |
| | | (e) | പഴയ പാട്ടുകൾ |

(A) 1a, 2c, 3e, 4d
(B) 1b, 2a, 3d, 4c
(C) 1b, 2c, 3e, 4a
(D) 1d, 2a, 3b, 4e

11. ക്രമ ദീപികയിലെ പ്രതിപാദ്യവുമായി ബന്ധമില്ലാത്തത്
(A) ഓരോ രൂപകത്തിലും സന്ദർഭാനുസാരം ചേർക്കേണ്ടുന്ന അവതാരിക
(B) ഓരോ കഥാപാത്രവും മുദ്രകൾ കാണിച്ച് ആടേണ്ടുന്ന രീതിയുടെ വിവരണം
(C) നടന്മാർ രംഗത്തിൽ അനുഷ്ഠിക്കേണ്ടുന്ന കൃത്യങ്ങൾ
(D) വിദൂഷകന്റെ ചടങ്ങുകൾ

12. കാലക്രമമനുസരിച്ച് എഴുതുക.
(A) ഹജ്ജൂർ ചെപ്പേട്, വീരരാഘവപ്പട്ടയം, പാലിയം ചെപ്പേട്
(B) വീരരാഘവപ്പട്ടയം, ഹജ്ജൂർ ചെപ്പേട്, പാലിയം ചെപ്പേട്
(C) പാലിയം ചെപ്പേട്, വീരരാഘവപ്പട്ടയം, ഹജ്ജൂർ ചെപ്പേട്
(D) ഹജ്ജൂർ ചെപ്പേട്, പാലിയം ചെപ്പേട്, വീരരാഘവപ്പട്ടയം

13. 'പ്രാചീന മലയാളഗദ്യ മാതൃകകൾ' എന്ന കൃതിയുടെ എഡിറ്റർ
(A) പി. കെ. നാരായണപിള്ള
(B) ഉള്ളൂർ
(C) കെ. സാംബശിവ ശാസ്ത്രി
(D) ശൂരനാട്ട് കുഞ്ഞൻപിള്ള

14. മഹാഭാരതം കിളിപ്പാട്ടിൽ നിന്ന് ഗുണ്ടർട്ടിന്റെ 'പാഠമാലയിൽ' ചേർത്തിട്ടുള്ള ഭാഗം
(A) പാർത്ഥസാരഥി വർണ്ണനം
(B) ഭീമദുശ്ശാസന യുദ്ധം
(C) കാകനും അരയന്നവും
(D) അഭിമന്യുവിന്റെ പരാക്രമം

15. **കാര്യം** : ഭുവനതലഗതവിമല ദിവ്യ രത്നങ്ങളാൽ
ഭൂതിപരിപൂർണ്ണമായുള്ള ലങ്കയും
പുനരനിലസൃതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൂതിപരിപൂർണ്ണമായ് വന്നിതത്ഭുതം.

**കാരണം** : ഭൂതിപരിപൂർണ്ണം എന്ന പദത്തിന്റെ അർത്ഥ വിശേഷം.

(A) കാര്യം ശരി

(B) കാര്യവും കാരണവും ശരി

(C) കാരണം തെറ്റ്

(D) കാരണം മാത്രം ശരി

16. **കാര്യം** : നളചരിതത്തിലെ ഭാഷ വെങ്കല ഭാഷയാണ്.

**കാരണം** : സംസ്കൃതമാകുന്ന വെളുത്തീയവും മലയാളമാകുന്ന ചെമ്പും ചേർത്ത് ഉരുക്കിയതിനാൽ.

(A) കാര്യം തെറ്റ് കാരണം ശരി

(B) കാര്യവും കാരണവും തെറ്റ്

(C) കാര്യവും കാരണവും ശരി

(D) കാര്യം ശരി കാരണം തെറ്റ്

17. 'ചത്ത പശുവിൻ വാൽ പിടിച്ചു
കരേറുമധുനാ സ്വർഗമിപ്പോൾ'
– എന്ന പ്രസ്താവമുള്ള കൃതി

(A) താടകാവധം

(B) സഭാപ്രവേശം

(C) രാമായണം ചമ്പു

(D) ഭഗവദജ്ജുകം

18. കേരളത്തിലെ ഫോക്‌ലോർ സംബന്ധിച്ച പ്രഥമ ഗ്രന്ഥം

(A) ഗ്രന്ഥോനിക്കം ആൽഫബെറ്റം

(B) അഗഡിയ മലബാറിക്ക

(C) ഹോർത്തുസ് മലബാറിക്കസ്

(D) തുഹ്ഫത്തുൾ മുജാഹിദീൻ

19. 'കണ്ടതും കേട്ടതും മിണ്ടരുതിക്കാലം
മിണ്ടാതിരുന്നാലുമുണ്ടാമനർത്ഥം'
– ഈ വരികൾ ഏതു കൃതിയിൽ ?
(A) സുന്ദോപസുന്ദോപാഖ്യാനം
(B) സന്താന ഗോപാലം
(C) കൃഷ്ണാർജ്ജുന യുദ്ധം
(D) ബാണയുദ്ധം ആട്ടക്കഥ

20. 'കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും' എന്ന ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള സാഹിത്യ പഠന സങ്കേതം.
(A) അപനിർമ്മാണം
(B) കോളനിയനന്തരവാദം
(C) ബക്തിന്റെ കാർണിവൽ സിദ്ധാന്തം
(D) ശൈലി വിജ്ഞാനം

21. മലയാളത്തിനു പുറമെ ലാറ്റിൻ, ഗ്രീക്ക്, സുറിയാനി, പോർട്ടുഗീസ് എന്നീ ഭാഷകൾ കാണുന്ന കൃതി.
(A) സംക്ഷേപവേദാർത്ഥം
(B) വർത്തമാനപുസ്തകം
(C) വേദതർക്കം
(D) ജ്ഞാനമുത്തുമാല

22. അർണോസ് പാതിരി രചിച്ച നിഘണ്ടു.
(A) മലയാളം മലയാളം നിഘണ്ടു
(B) മലയാളം ഇംഗ്ലീഷ് നിഘണ്ടു
(C) മലയാളം പോർട്ടുഗീസ് നിഘണ്ടു
(D) മലയാളം സംസ്കൃതം നിഘണ്ടു

23. ചേരുംപടി ചേർത്തെഴുതുക :

| | | | |
|---|---|---|---|
| (1) | ജോർജ്ജ് മാത്തൻ | (a) | A Progressive Grammar of Malayalam |
| (2) | ഫ്രോൺ മേയർ | (b) | Grammar of Malabar Language |
| (3) | റോബർട്ട് ഡ്രമ്മണ്ട് | (c) | മലയാഴ്മയുടെ വ്യാകരണം |
| (4) | പാച്ചു മൂത്തത് | (d) | മലയാള ഭാഷാ വ്യാകരണം |
| | | (e) | കേരള ഭാഷാ വ്യാകരണം |

(A) 1e, 2c, 3a, 4b
(B) 1b, 2a, 3c, 4e
(C) 1c, 2b, 3e, 4d
(D) 1c, 2a, 3b, 4e

24. ഉപന്യാസം, ചെറുകഥ തുടങ്ങിയ സാഹിത്യ ശാഖകൾക്ക് മലയാളത്തിൽ വേരോട്ടമുണ്ടാക്കിയ പ്രഥമ മാസിക.

(A) കേരള പത്രിക
(B) ജ്ഞാന നിക്ഷേപം
(C) വിദ്യാവിനോദിനി
(D) ഭാഷാപോഷിണി

25. വെണ്മണിക്കവികൾ വിരളമായി ഉപയോഗിച്ച വൃത്തം.

(A) ശാർദ്ദൂല വിക്രീഡിതം
(B) സ്രഗ്ദ്ധര
(C) മന്ദാക്രാന്ത
(D) കുസുമ മഞ്ജരി

26. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (1) | കേരള മിത്രം | (a) | സി. പി. ഗോവിന്ദപ്പിള്ള |
| (2) | മിതവാദി | (b) | കണ്ടത്തിൽ വറുഗീസുമാപ്പിള |
| (3) | സ്വദേശാഭിമാനി | (c) | സി. കൃഷ്ണൻ |
| (4) | കേരള കൗമുദി | (d) | പന്തളം കേരളവർമ്മ |
| | | (e) | സി. വി. കുഞ്ഞിരാമൻ |

(A) 1b, 2c, 3a, 4e
(B) 1e, 2a, 3b, 4c
(C) 1d, 2b, 3a, 4d
(D) 1b, 2a, 3b, 4e

27. കാവ്യഭാഗങ്ങളും കവികളുടെ പേരുകളും തമ്മിൽ പൊരുത്തപ്പെടുന്ന ഗണമേത് ?

| | | | |
|---|---|---|---|
| (1) | പോയ മധുവിധു കാലത്തിനെക്കാളു-<br>മിന്നുപ്രിയമുണ്ടെനിക്കു നിന്നോടെടോ | (a) | അയ്യപ്പപ്പണിക്കർ |
| (2) | മാറ്റുകമാറ്റുക ചട്ടങ്ങളെയവ<br>മാറ്റും നിങ്ങളെയല്ലെങ്കിൽ | (b) | കടമ്മനിട്ട |
| (3) | നീ വെട്ടിയ വഴിയിലൊരുത്തൻ<br>കാൽകുത്തിയശുദ്ധി വരുത്താൻ<br>ഇടയാകാതെങ്ങളുകാപ്പോം<br>ഇനി നീ പോ ചങ്ങാതി | (c) | എൻ. എൻ. കക്കാട് |
| (4) | മുലപറിച്ചു വലിച്ചെറിഞ്ഞീ<br>പുരമെരിക്കും ഞാൻ<br>മുടി പറിച്ചു നിലത്തടിച്ചീ<br>കുലമൊടുക്കും ഞാൻ | (d) | ആറ്റൂർ രവിവർമ്മ |
| | | (e) | കുമാരനാശാൻ |

(A) 1d, 2a, 3c, 4e
(B) 1a, 2b, 3c, 4d
(C) 1b, 2a, 3d, 4e
(D) 1d, 2a, 3c, 4b

**28.** ശരിയായ സമീകരണമേത് ?

| | | | |
|---|---|---|---|
| (1) | ഭൂതക്കണ്ണട | (a) | എസ്. ജോസഫ് |
| (2) | ഉതുപ്പാന്റെ കൂവൽ | (b) | വിജയ ലക്ഷ്മി |
| (3) | ഗ്രാമ വൃക്ഷത്തിലെ വവ്വാൽ | (c) | മോഹനകൃഷ്ണൻ, കാലടി |
| (4) | മഴയ്ക്കപ്പുറം | (d) | ബാലചന്ദ്രൻ, ചുള്ളിക്കാട് |
| | | (e) | റഫീക്ക് അഹമ്മദ് |

(A) 1e, 2a, 3d, 4b
(B) 1c, 2a, 3e, 4b
(C) 1a, 2b, 3d, 4c
(D) 1d, 2e, 3a, 4b

**29.** പൊരുത്തപ്പെടുന്ന ഗണമേത് :

| | | |
|---|---|---|
| (1) | അതിങ്കലിസ്സന്ധ്യയുമർക്ക മൂർത്തിയാൽ<br>പതിച്ചിടുന്നോ പുതു താഴികക്കുടം | (a) വി.സി. ബാലകൃഷ്ണൻ |
| (2) | സൗവർണ്ണ പിണ്ഡമതുരുക്കിയെടുത്തു നീരിൽ<br>മുക്കുന്നിതാ തപന മണ്ഡല കൈതവത്താൽ | (b) കേരളവർമ്മ |
| (3) | കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചുകൊല്ലം കഴിച്ചാൻ<br>ദിഷ്ടക്കേടാൽ വരുവതു പരിഹാരമില്ലാത്തതല്ലേ | (c) കെ.സി. കേശവപിള്ള |
| (4) | തദുപജ്ഞം മതം നവ്യം സാമഞ്ജസ്യമനോഹരണം<br>ഒരുക്കിയെന്നെയിക്കാവ്യ രചനാസാഹസത്തിനായ് | (d) ഏ.ആർ. രാജരാജവർമ്മ |
| | | (e) കുണ്ടൂർ നാരായണ മേനോൻ |

(A) 1a, 2c, 3b, 4e
(B) 1b, 2d, 3a, 4e
(C) 1d, 2a, 3b, 4c
(D) 1c, 2a, 3d, 4b

**30.** ശരിയായ സമീകരണമേത് ?

| | | | |
|---|---|---|---|
| (1) | സമത്വവാദി | (a) | കാരൂർ |
| (2) | മരപ്പാവകൾ | (b) | എം. ഗോവിന്ദൻ |
| (3) | ദാവീദ് | (c) | എക്സ്പ്രഷണിസ്റ്റ് നാടകം |
| (4) | തനത് നാടകവേദി | (d) | ദുരന്ത കഥാപാത്രം |
| | | (e) | എൻ. എൻ. പിള്ള |

(A) 1a, 2e, 3d, 4e
(B) 1b, 2a, 3e, 4d
(C) 1d, 2c, 3a, 4e
(D) 1c, 2a, 3d, 4b

31. യുക്തമായ സമീകരണമേത് ?

| | | | |
|---|---|---|---|
| (1) | പള്ളിവാളും കാൽ ചിലമ്പും | (a) | ഭാർഗ്ഗവീ നിലയം |
| (2) | ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും | (b) | മതിലുകൾ |
| (3) | നീല വെളിച്ചം | (c) | വിധേയൻ |
| (4) | സ്മാരക ശിലകൾ | (d) | രാമാനം |
| | | (e) | നിർമ്മാല്യം |

(A) 1e, 2c, 3a, 4d
(B) 1a, 2b, 3c, 4e
(C) 1a, 2d, 3b, 4e
(D) 1d, 2a, 3c, 4b

32. ഇന്ദുലേഖയിലെ 18-ാം അധ്യായത്തെ സാധൂകരിച്ച ആധുനിക നിരൂപകൻ

(A) വി. സി. ശ്രീജൻ
(B) കെ. പി. അപ്പൻ
(C) വി. രാജകൃഷ്ണൻ
(D) ബി. രാജീവൻ

33. പുരോഗമന സാഹിത്യകാരന്മാരെ സമുദായത്തിലെ വിഷം തീനികൾ എന്നു വിശേഷിപ്പിച്ചത്.

(A) സി. ജെ. തോമസ്
(B) കുട്ടികൃഷ്ണ മാരാര്
(C) കേസരി ബാലകൃഷ്ണ പിള്ള
(D) എം. ആർ. നായർ

34. പറയിപെറ്റ പന്തിരുകുലവുമായി ബന്ധപ്പെട്ട ഐതിഹ്യം പ്രമേയമാക്കിയ നോവൽ.

(A) സങ്കടങ്ങളുടെ ഇടയൻ
(B) ഇന്നലത്തെ മഴ
(C) പെരുന്തച്ചൻ
(D) അമൃതമഥനം

35. മഞ്ഞത്തെച്ചി പൂങ്കുല പോലെ
മഞ്ജിമ വിടരും പുലർകാലേ
നിന്നൂ ലളിതേ നീയെൻ മുന്നിൽ
നിർവൃതി തൻ പൊൻകതിർ പോലെ

**കാര്യം** : ആദ്യ വരിയിൽ അലങ്കാരം ഉപമയാണെങ്കിൽ നാലാം വരിയിൽ ഉൽപ്രേക്ഷാലങ്കാരമാണ്.

**കാരണം** : നാലാം വരിയിൽ ഉപമാനം കവി കല്പിതമാകയാൽ

(A) കാര്യവും കാരണവും തെറ്റാണ്
(B) കാര്യം ശരി കാരണം തെറ്റ്
(C) കാര്യവും കാരണവും ശരി
(D) കാര്യം തെറ്റ് കാരണം ശരി

36. ശരിയായ ക്രമത്തിൽ എഴുതുക.

(A) അഗ്നിസാക്ഷി, ഷെർലക്, മൂന്നാമതൊരാൾ, മരപ്പാവകൾ
(B) മരപ്പാവകൾ, ഷെർലക്, മൂന്നാമതൊരാൾ, അഗ്നിസാക്ഷി
(C) മരപ്പാവകൾ, അഗ്നിസാക്ഷി, ഷെർലക്, മൂന്നാമതൊരാൾ
(D) മരപ്പാവകൾ, മൂന്നാമതൊരാൾ, ഷെർലക്, അഗ്നിസാക്ഷി

37. കൃതികളുടെ ക്രമമനുസരിച്ച് കർത്താക്കളുടെ പേരുകൾ ക്രമീകരിക്കുക.

കൃതികൾ – പതിത, മുത്തശ്ശി, കാളിയമർദ്ദനം, പത്രം

(A) നന്തനാർ, കാക്കനാടൻ, സക്കറിയ, അന്തർജ്ജനം
(B) അന്തർജ്ജനം, നന്തനാർ, കാക്കനാടൻ, സക്കറിയ
(C) അന്തർജ്ജനം, നന്തനാർ, സക്കറിയ, കാക്കനാടൻ
(D) കാക്കനാടൻ, അന്തർജ്ജനം, നന്തനാർ, സക്കറിയ

38. കൃതി, കർത്താവ് ക്രമത്തിലെഴുതുക.

| | | | |
|---|---|---|---|
| (1) | ജീവിത സ്മരണകൾ | (a) | എൻ. എൻ. പിള്ള |
| (2) | സ്മൃതിപഥം | (b) | കെ. സി. മാമ്മൻ മാപ്പിള |
| (3) | എന്റെ നാടുകടത്തൽ | (c) | വിഷ്ണു ഭാരതീയൻ |
| (4) | ജന്മികളെങ്ങനെ ഉടമകളായി | (d) | സ്വദേശാഭിമാനി |
| | | (e) | പി. കെ. വാര്യർ |

(A) 1a, 2c, 3b, 4e
(B) 1d, 2a, 3d, 4c
(C) 1b, 2e, 3d, 4c
(D) 1c, 2d, 3c, 4a

39. താഴെപ്പറയുന്ന നിരീക്ഷണങ്ങൾ യുക്തമായ രീതിയിൽ ഘടിപ്പിക്കുക.

| | | | |
|---|---|---|---|
| (1) | വിമർശനവും നിരീക്ഷണവും നർമ്മവും സമന്വയിപ്പിച്ച ഉപന്യാസകാരൻ | (a) | കെ. പി. കേശവ മേനോൻ |
| (2) | പ്രത്യാശയവും സാന്ത്വനവും പകർന്നു നൽകിയ ഉപന്യാസകാരൻ | (b) | വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ |
| (3) | തത്വ ചിന്താപരവും വിപ്ലവോന്മുഖവുമായ സ്വതന്ത്രചിന്തകളുടെ ഉപന്യാസകാരൻ | (c) | ഏ. പി. ഉദയഭാനു |
| (4) | ചിന്തയോടൊപ്പം നർമ്മവും ദീക്ഷിച്ച ഉപന്യാസകാരൻ | (d) | കുറ്റിപ്പുഴ കൃഷ്ണപിള്ള |
| | | (e) | കുട്ടിക്കൃഷ്ണ മാരാര് |

(A) 1b, 2a, 3d, 4c

(B) 1e, 2b, 3d, 4a

(C) 1c, 2d, 3a, 4e

(D) 1d, 2e, 3c, 4a

40. പട്ടിക I, പട്ടിക II-മായി ക്രമീകരിക്കുക.

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (1) | അമ്മ | (a) | ഡോള |
| (2) | ആയിരം കൊറ്റികൾ | (b) | കാഫ്ക |
| (3) | മെറ്റമോർഫോസിസ് | (c) | ഗോർക്കി |
| (4) | ഏകാന്തതയുടെ നൂറു വർഷങ്ങൾ | (d) | കവാബത്ത |
| | | (e) | മർക്കോവ്സ് |

(A) 1a, 2c, 3d, 4b

(B) 1d, 2a, 3b, 4e

(C) 1e, 2a, 3c, 4b

(D) 1c, 2d, 3b, 4e

41. ഇന്ത്യൻ ഭാഷകളെക്കുറിച്ച് ആദ്യമായി സർവ്വേ നടത്തിയതാര് ?

(A) ഗ്ലിയേഴ്സൺ

(B) ജോൺ ഗ്രിയേഴ്സൻ

(C) ജോൺ മാർഷൽ

(D) ജൂൾസ് ബ്ലോഗ്

42. മലയാളം കൃതികളും അവയുടെ പരിഭാഷകരും താഴെക്കൊടുക്കുന്ന പട്ടികയിലുണ്ട്. അവയുടെ ശരിയായ ക്രമീകരണമേത് ?

| | പട്ടിക I | | പട്ടിക II |
|---|---|---|---|
| (1) | ധർമ്മരാജ | (a) | ഡ്യൂമെർഡ് |
| (2) | ഇന്ദുലേഖ | (b) | ആർ. ഇ. ആഷർ |
| (3) | പാത്തുമ്മയുടെ ആട് | (c) | പ്രേമാ ജയകുമാർ |
| (4) | രാമരാജാബഹദൂർ | (d) | ജി. എസ്. അയ്യർ |
| | | (e) | കെ. ജയകുമാർ |

(A) 1a, 2c, 3d, 4e
(B) 1e, 2b, 3a, 4d
(C) 1d, 2a, 3b, 4c
(D) 1c, 2d, 3a, 4b

43. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (1) | രാമരാജാബഹദൂർ | (a) | വൈത്തിപ്പട്ടർ |
| (2) | ചെമ്മീൻ | (b) | മുങ്ങാംകോഴി |
| (3) | ശാരദ | (c) | പറപ്പാണ്ട |
| (4) | ദൈവത്തിന്റെ വികൃതികൾ | (d) | ചക്കി |
| | | (e) | അൽഫോൺസച്ചൻ |

(A) 1c, 2d, 3a, 4e
(B) 1b, 2a, 3d, 4e
(C) 1a, 2d, 3c, 4b
(D) 1d, 2e, 3a, 4c

44. പ്രാസവാദത്തിൽ ഏ. ആറിന്റെ നിലപാട് എന്തായിരുന്നു ?
(A) സർവ്വതോമുഖമായ ഔചിത്യമാണ് കവിതയുടെ ജീവൻ
(B) കവിതയിൽ ഭാവപോഷണത്തിനാണ് പ്രഥമ സ്ഥാനം
(C) ശബ്ദാലങ്കാരങ്ങൾക്കു പ്രാധാന്യമുണ്ടായിരിക്കണം
(D) ശബ്ദാലങ്കാരങ്ങൾക്ക് അർത്ഥ വൈചിത്ര്യത്തെക്കാൾ താണനിലയേ ഉള്ളൂ

45. ഇടതുവശത്തുള്ള കൃതികളുടെ രചനാപരമായ പ്രത്യേകതകളാണ് വലതു വശത്തുള്ളത്. യുക്തമായ ക്രമീകരണം ഏത് ?

| | | | |
|---|---|---|---|
| (1) | ടി. കെ. മാധവന്റെ ജീവചരിത്രം | (a) | ഒരു പ്രത്യേക കാലത്തെ മാത്രം സ്പർശിക്കുന്നത് |
| (2) | ശ്രീവിദ്യാധിരാജ ചട്ടമ്പി സ്വാമികൾ | (b) | പേരക്കിടാവിനോടു പറയുന്ന രീതി |
| (3) | ഒരമ്മയുടെ ഓർമ്മകൾ | (c) | ഒരു സംഘം ലേഖകരുടെ കൂട്ടായ രചന |
| (4) | വ്യാഴവട്ട സ്മരണകൾ | (d) | രണ്ടുപേർ ചേർന്നെഴുതിയത് |
| | | (e) | അന്വാഖ്യാനം |

(A) 1e, 2a, 3c, 4d
(B) 1d, 2c, 3b, 4a
(C) 1b, 2d, 3a, 4c
(D) 1a, 2c, 3b, 4e

താഴെ കൊടുത്തിരിക്കുന്ന പ്രബന്ധ ഭാഗം വായിച്ച്, തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണെന്നുള്ള സങ്കല്പമാണ് പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വിവേചനത്തിനു നിദാനം. മനുഷ്യനും പ്രകൃതിയുടെ അംശമാണെന്ന് വാദിച്ചാൽ ഈ വിവേചനത്തിന് അടിസ്ഥാനമില്ലാതാകയും മനുഷ്യ നിർമ്മിതമായ കലാസൗന്ദര്യം പ്രകൃതി സൗന്ദര്യത്തിന്റെ ഒരംശം മാത്രമാണെന്നു സമ്മതിക്കേണ്ടിവരികയും ചെയ്യും. ഒട്ടുമാവു വളർത്തുന്നതിൽ ഒട്ടിക്കൽ എന്ന കർമ്മം മനുഷ്യൻ ചെയ്യുന്നതാണെങ്കിലും അതു പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നത് ആരുടെ ശക്തികൊണ്ടാണ് ? മനുഷ്യൻ പ്രകൃതിയുടെ അംശമാണെങ്കിൽ എല്ലാ ശക്തിയും എല്ലാ സൗന്ദര്യവും പ്രകൃതിയുടേതുതന്നെ. എന്നാലും സാമാന്യവ്യവഹാരത്തിൽ പ്രകൃതിയേയും മനുഷ്യനേയും നാം വേർതിരിക്കാറുണ്ട്. ഇതിനെ ആസ്പദമാക്കിയാണ് പ്രകൃതി സൗന്ദര്യത്തേയും കലാസൗന്ദര്യത്തേയും ഇവിടെ വ്യവച്ഛേദിക്കുന്നത്.

പ്രകൃതി എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഓരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലത് നമ്മിൽ സൗന്ദര്യ പ്രതീതി ഉളവാക്കുവാൻ പര്യാപ്തമായിരിക്കാം. എന്നിരുന്നാലും അതിനു സ്ഥിരതയില്ല. നേരെമറിച്ച്, കലയിൽ രമണീയഭാവത്തിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു. ആ ഭാവത്തിനു മാറ്റം സംഭവിക്കുന്നില്ല. ആസ്വാദകന്മാർ വന്നുംപോയും കൊണ്ടിരിക്കുന്നു. എന്നാൽ കല നിശ്ചലമായിത്തന്നെ നിലകൊള്ളുന്നു. (ഈ അർത്ഥത്തിലാണ് കല ശാശ്വതമാണെന്നു പറയുന്നത്) പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണ്.

പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണ്. പലപ്പോഴും, ഖനിയിൽനിന്നു കുഴിച്ചെടുക്കുന്ന ലോഹംപോലെ, പ്രകൃതിസൗന്ദര്യം അസംഗതമായ മറ്റു പലതിനോടും കലർന്നു സങ്കീർണ്ണമായിട്ടാണ് ആവിർഭവിക്കുക. ഇന്നാട്ടിലെ ഒരു നദിയുടെ സൗന്ദര്യം നാം ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ ആ നദിയുടെ തീരത്തിരുന്നു ജലം മലിനമാക്കുന്ന പാപികളുടെ കാഴ്ച നമ്മുടെ ആസ്വാദനത്തിന് വിലങ്ങുതടിയായി നില്ക്കുന്നു. കലർപ്പില്ലാത്ത സൗന്ദര്യം കലയിലാണ് പ്രായേണ കണ്ടു വരുന്നത്. അപ്രകൃതവും അസംസ്കൃതവുമായ അംശങ്ങൾ ഉപേക്ഷിച്ച്, സൗന്ദര്യസാരം മാത്രം ആവിഷ്ക്കരിക്കുവാനാണ് കലാകാരൻ ശ്രമിക്കുന്നത്. തന്മൂലം കലാസൗന്ദര്യത്തിന്റെ പ്രതീതി ഏകാഗ്രവും അഭംഗുരവുമായിരിക്കും.

പ്രകൃതിക്കു സൗന്ദര്യം സൃഷ്ടിക്കുക മാത്രമല്ല, ഒഴിച്ചുകൂടാത്ത വേറെ പല ജോലികളുമുണ്ട്. യാദൃച്ഛികമായി മാത്രമേ പ്രകൃതിസൗന്ദര്യം ദ്രഷ്ടവ്യമാകുന്നുള്ളു. വസന്തത്തിലൂടെ പുഞ്ചിരിതൂകുന്ന പ്രകൃതി ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തംപുരണ്ട ഉഗ്രരൂപിണിയായും പ്രത്യക്ഷപ്പെടുന്നു. എന്നാൽ കലാസൃഷ്ടിയിൽ ലക്ഷ്യപ്രാപ്തിയെ മുൻനിറുത്തിയുള്ള ഉപകരണ സംവിധാനത്തിൽ നിന്നുളവാകുന്ന

സൗന്ദര്യാവിഷ്ക്കരണമാണു നാം കാണുന്നത്. കല സോദ്ദേശമാണ്; ആകസ്മികമല്ല. ഏതൊരു അനുഭൂതിയിൽനിന്ന് അതു ജന്മമെടുക്കുന്നുവോ ആ അനുഭൂതിയെ സമഗ്രമായി ശേഖരിച്ച്, ഉചിതമായരൂപത്തിലാവിഷ്ക്കരിച്ച് ഇതരന്മാർക്കു പകർന്നു-കൊടുക്കുകയാണ് അതിന്റെ ലക്ഷ്യം. കലാസൗന്ദര്യത്തെ പ്രകൃതിസൗന്ദര്യത്തിൽ നിന്ന് വേർതിരിക്കുന്നത് മനുഷ്യന്റെ സർഗ്ഗപരമായ ചിത്തവൃത്തിയാണ്.

പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്. അത് അവിടെത്തന്നെ അവസാനിക്കുന്നു. എന്നാൽ കലാസൗന്ദര്യം ഒരു വക പരസ്യപ്പെടുത്തലാണ് കലാകാരന്റെ അനുഭൂതി കലാമാർഗ്ഗമായി പ്രക്ഷേപിക്കപ്പെട്ട് തത്തുല്യമായ അനുഭൂതി ആസ്വാദകന്റെ അന്തരംഗത്തിലും ഉളവാക്കുന്നു. പ്രക്ഷേപണമില്ലെങ്കിൽ കലയില്ല. കലാകാരൻ മാത്രം ആസ്വദിക്കുവാനാണു കലാസൃഷ്ടി ചെയ്യുന്നതെന്നുള്ള വാദം അനുഭവത്തിനു യോജിച്ചതല്ല. സ്വകീയമായ അനുഭൂതി ഇതരന്മാരുടെ അന്തരംഗത്തിൽ പകർത്തിക്കഴിയുമ്പോഴാണ് കല ചരിതാർത്ഥമാകുന്നത്. ഒരുവിധത്തിൽ നോക്കിയാൽ ഇതു വെറും പ്രചാര-മാണെന്നു സമ്മതിക്കണം. പക്ഷേ, ഈ പ്രചാരണോദ്ദേശ്യമില്ലായിരുന്നുവെങ്കിൽ കലയെന്നൊന്നുണ്ടാകുമായിരുന്നോ എന്നു ആലോചിക്കേണ്ടതാണ്. കലാകാരന്റെ ഉദ്ദേശ്യം സൗന്ദര്യം സൃഷ്ടിക്കുകയാണെന്നുപോലും പറയാവതല്ല. തന്റെ കൃതി സുന്ദരമാണോ അല്ലയോ എന്ന് അയാൾ സൃഷ്ടിയിലേർപ്പെട്ടിരിക്കുമ്പോൾ ആലോചിക്കാറില്ല. തന്റെ അനുഭൂതിയെ പൂർണ്ണമായും സമ്യക്കായും ആവിഷ്ക്കരി-ക്കുവാനാണ് അയാളുടെ ഉദ്യമം. അയാളുടെ ശ്രമം ഫലവത്തായെന്നുള്ളതിന്റെ ഒരു മുദ്രയാണ് സൗന്ദര്യം.

കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമല്ല. കലാസൃഷ്ടിക്കു പ്രേരകമായ അനുഭൂതി പ്രകൃതിയിൽ നിന്നു ലഭിച്ചതാണെന്നിരുന്നാൽത്തന്നെയും, അത് കലാരൂപം പ്രാപിക്കുമ്പോൾ അതിൽ നൂതനമായ ഒരംശം കലരുന്നുണ്ട്. കലാകാരൻ അനുഭൂതിക്കു കല്പിക്കുന്ന മൂല്യമാണ് ഈ നൂതനാംശം. പ്രകൃതിയിൽ നിന്നുള്ള പ്രചോദനവും കലാകാരന്റെ പ്രത്യാഘാതവും ചേർന്നുള്ള ഒരു ശക്തിവിശേഷമാണ് കലയിൽ അവതരിക്കുന്നത്. പ്രേരകമായ അനുഭൂതി സുന്ദര-മായിരിക്കണമെന്നില്ല. അതു ചിലപ്പോൾ ബീഭത്സവും ചിലപ്പോൾ ശോകമയവും ആയിരുന്നേക്കാം. എന്നാലും അതിന്റെ കലാരൂപമായ ആവിഷ്ക്കരണം തീർച്ചയായും സൗന്ദര്യാത്മകമായിരിക്കും. കലാനിർമ്മാണത്തിലെ ഒരു വിരോധാഭാസമാണിത്.

**46.** ഏതർത്ഥത്തിലാണ് കല ശാശ്വതമാണെന്ന് പറയുന്നത് ?

(A) എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന പ്രകൃതി

(B) ക്ഷണികമായ ഭാവം

(C) ആസ്വാദകരുടെ അസ്ഥിരത

(D) രമണീയഭാവത്തിന്റെ സ്ഥിരത

**47.** കലയുടെ ലക്ഷ്യം

1. അനുഭൂതിയെ സമഗ്രമായി ശേഖരിക്കുക.
2. അനുഭൂതിയെ ഉചിതമായ രൂപത്തിൽ ആവിഷ്ക്കരിക്കുക.
3. അനുഭൂതിയെ ഉഗ്രരൂപത്തിൽ അവതരിപ്പിക്കുക.
4. അനുഭൂതിയെ തിരസ്ക്കരിക്കുക.

(A) 1 ശരി 2 തെറ്റ്

(B) 1, 2 ശരി

(C) 3, 4 ശരി, 1 തെറ്റ്

(D) 1, 3 ശരി, 4 തെറ്റ്

**48.** കലാസൗന്ദര്യത്തിന്റെ പ്രതീതി ഏകാഗ്രവും അഭംഗുരവുമാണ്. എന്തുകൊണ്ട് ?

(A) കലാകാരൻ പ്രകൃതി സൗന്ദര്യത്തിന്റെ ഉപാസകനായത്

(B) പ്രകൃതി സൗന്ദര്യത്തിന്റെ സങ്കീർണ്ണത

(C) പ്രകൃതിയിലെ സൗന്ദര്യസാരം കലാകാരൻ ആവിഷ്ക്കരിക്കുന്നത്

(D) പ്രകൃതിയും കലയും ഒന്നായത്

**49.** **കാര്യം** : പ്രകൃതിയിലെ സൗന്ദര്യവും കലയിലെ സൗന്ദര്യവും രണ്ടാണ്.

**കാരണം :** കലാകാരൻ പ്രകൃതിയുടെ ഭാഗമാണ്.

(A) കാര്യം ശരി

(B) കാരണം തെറ്റ്

(C) കാര്യം തെറ്റ്

(D) കാര്യവും കാരണവും ശരി

**50.** പ്രബന്ധത്തിൽ ലേഖകൻ ഊന്നൽ കൊടുക്കുന്ന ആശയം

1. പ്രകൃതിസൗന്ദര്യം കലാസൗന്ദര്യത്തിൽ നിന്നും ഏതെല്ലാം അംശത്തിൽ വേറിട്ടു നില്ക്കുന്നു.
2. കല മനുഷ്യ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം
3. മനുഷ്യ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ കല വഹിക്കുന്ന പങ്ക്
4. കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിൽ നിന്നും ഏതെല്ലാം അംശങ്ങളിൽ വേറിട്ടു നില്ക്കുന്നു.

(A) 2-ഉം, 4-ഉം തെറ്റ്

(B) 1 ഭാഗികമായി ശരി

(C) 2-ഉം, 4-ഉം ശരി

(D) 4 മാത്രം ശരി

**Space for Rough Work**